## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4174 | 20.03.2018-ൽ മറുപടിയ്ക്ക് |
|---|---|
| ഹോട്ടൽ/ആശുപത്രി മാലിന്യങ്ങൾ | |
| ചോദ്യം | ഉത്തരം |
| ശ്രീ. എം. രാജഗോപാലൻ | ഡോ. കെ. ടി. ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| സംസ്ഥാനത്തെ വിവിധ റോഡുകളുടെ ഇരുഭാഗങ്ങളിലുമുള്ള ഓടകളിലേക്ക് ഹോട്ടൽ/ആശുപത്രി മാലിന്യങ്ങൾ വ്യാപകമായി ഒഴുക്കി വിടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത്തരത്തിൽ മാലിന്യങ്ങൾ ഓടകളിലേക്ക് ഒഴുക്കി വിട്ടുന്നവർക്കെതിരെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന ശക്തമായ നടപടികൾ സ്വീകരിക്കുമോ? | ചിലയിടങ്ങളിൽ മാലിന്യങ്ങൾ ഓടകളിലേക്ക് ഒഴുക്കി വിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ കേരള പഞ്ചായത്തിരാജ് നിയമത്തിലെയും കേരള മുനിസിപ്പാലിറ്റി ആക്റ്റിലെയും ബന്ധപ്പെട്ട വകുപ്പുകളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ ഹരിതകേരളം മിഷൻ - ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗരേഖയിൽ മലിനജലം പുറത്തുവിടുന്ന സ്ഥാപനങ്ങൾ അവർ ഉത്പാദിപ്പിക്കുന്ന ദ്രവമാലിന്യത്തിന്റെ ശുദ്ധീകരണം ഉറപ്പാക്കുന്നതിനുള്ള സംസ്കരണ സംവിധാനം സ്വന്തം ചെലവിൽ സ്ഥാപിച്ചിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥാപനങ്ങളിലെ ദ്രാവകമാലിന്യ സംസ്കരണ സംവിധാനം ശരിയായി പ്രവർത്തിക്കുന്നുവെന്ന് മാസത്തിൽ രണ്ടുതവണ പരിശോധിക്കുകയും ശുദ്ധീകരിക്കാത്ത മലിനജലം പൊതുസ്ഥലത്തേക്കോ ജലശേഖരങ്ങളിലേക്കോ ഒഴുക്കുന്നില്ലെന്നും എവിടെയും തളംകെട്ടി നിർത്തുന്നില്ലെന്ന് ഉറപ്പാക്കണം എന്നതും മാർഗരേഖ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിക്കുന്ന ഹരിതകർമ സേനയുടെ പ്രധാന പ്രവർത്തനങ്ങളിലൊന്നാണ്. ഇത്തരത്തിൽ മാലിന്യം ഒഴുക്കുന്നവർക്ക് പിഴചുമത്തുന്നതിനും പ്രവർത്താനുമതി നിഷേധിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനത്തിനു റിപ്പോർട്ടു നൽകുവാനും ഹരിതകർമ്മ സേനയ്ക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ